REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 24-07-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാമറുമായി ഉഭയകക്ഷി ചർച്ച നടത്തും. സ്വതന്ത്ര വ്യാപാര കരാർ മുഖ്യ ചർച്ചാവിഷയം.
- ദേശീയ സഹകരണ നയം കേന്ദ്രമന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ പ്രഖ്യാപിക്കും.
- VS അച്യുതാനന്ദൻ ഇനി ജ്വലിക്കുന്ന ഒരോർമ്മ. ആധുനിക കേരള സൃഷ്ടിയിൽ വലിയ പങ്കുവഹിച്ച മഹാരഥന്മാരിൽ ഒരാളാണ് VS അച്യുതാനന്ദനെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- പിതൃസ്മരണയിൽ ഇന്ന് കർക്കിടകവാവ്. സംസ്ഥാനത്തെ പ്രധാന ബലിതർപ്പണ കേന്ദ്രങ്ങളിൽ ചടങ്ങുകൾ ആരംഭിച്ചു.
- സംസ്ഥാനത്ത് വരും ദിവസങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എട്ടു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.
- ഇന്ത്യ-ഇംഗ്ലണ്ട് നാലാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ നാലിന് 264 റൺസെന്ന നിലയിൽ വൈകിട്ട് ബാറ്റിംഗ് പുനരാരംഭിക്കും.

# വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാമറുമായി ഉഭയകക്ഷി ചർച്ച നടത്തും. ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ നടക്കുന്ന ചർച്ച ഇരുരാജ്യങ്ങളും തമ്മിലെ നയതന്ത്ര ബന്ധത്തിന് ഊർജം പകരും. ഇന്ത്യ-UK സ്വതന്ത്ര വ്യാപാര കരാറിൽ ഇരുരാജ്യങ്ങളും ഇന്ന് ഒപ്പുവെയ്ക്കും.

ഡെസ്ക് റിപ്പോർട്ട്.

(വോയ്സ്)

പ്രതിരോധ-ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ ഇന്ത്യ-UK ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നലെ രാത്രി ലണ്ടനിലെത്തിയത്. ഇന്ത്യൻ സമൂഹം ആവേശപൂർവം പ്രധാനമന്ത്രിയെ വരവേറ്റു.

ഇന്ത്യ-UK സ്വതന്ത്ര വ്യാപാര കരാറാണ് മോദിയുടെ സന്ദർശനത്തിന്റെ സുപ്രധാന ലക്ഷ്യമായി കാണുന്നത്. കേന്ദ്ര മന്ത്രി പീയുഷ് ഗോയൽ ഇരുരാജ്യങ്ങളുടെയും പ്രധാനമന്ത്രിമാരുടെ സാന്നിധ്യത്തിൽ ബ്രിട്ടീഷ് വാണിജ്യമന്ത്രി ജൊനാതൻ റെനോയുമായി കരാറിൽ ഒപ്പുവെയ്ക്കും. മൂന്ന് വർഷത്തെ ചർച്ചകൾക്ക് ശേഷം സ്വതന്ത്രവ്യാപാര കരാർ നിലവിൽ വരുന്നതോടെ എല്ലാ മേഖലകളിലെയും ഇന്ത്യൻ ഉല്പന്നങ്ങൾക്ക് സമഗ്ര വിപണി ലഭ്യത ഉറപ്പാക്കാനാവും.

വൈകിട്ട് ബ്രിട്ടീഷ് രാജാവ് ചാൾസ് മൂന്നാമനെ സന്ദർശിക്കുന്ന മോദി നാളെ മാൽദ്വീവ്സിലേക്ക് യാത്രതിരിക്കും. ശനിയാഴ്ച മാൽദ്വീവ്സിന്റെ 60-ാം സ്വാതന്ത്ര്യ ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയെ വിശിഷ്ട പുരസ്കാരം നൽകി ആദരിക്കും. നിരവധി അടിസ്ഥാനസൗകര്യ വികസന പദ്ധതികളും മാൽദ്വീവ്സിൽ നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യും.

✪✪✪

ദേശീയ സഹകരണ നയം കേന്ദ്രമന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ പ്രഖ്യാപിക്കും. അടുത്ത രണ്ട് പതിറ്റാണ്ടുകളിൽ രാജ്യത്തിന്റെ സഹകരണ പ്രസ്ഥാനങ്ങൾക്ക് വഴി തെളിക്കുന്ന പരിഷ്കരിച്ച മാർഗനിർദേശങ്ങൾ നയത്തിൽ ഉണ്ടാകുമെന്നാണ് വിലയിരുത്തൽ. വികസിത ഭാരത ലക്ഷ്യത്തിലേക്ക് ഇന്ത്യയെ നയിക്കുന്നതിൽ സഹകരണ മേഖലയുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്ന തരത്തിലാണ് നയരൂപീകരണം. 2002ലാണ് ഇതിന് മുമ്പ് സഹകരണനയം രൂപപ്പെടുത്തിയത്.

✪✪✪

VS അച്യുതാനന്ദൻ  ഇനി ജ്വലിക്കുന്ന ഒരോർമ്മ. ആലപ്പുഴ വലിയ ചുടുകാട്ടിൽ ഔദ്യോഗിക ബഹുമതികളോടെ ഇന്നലെ രാത്രി അദ്ദേഹത്തിന്റെ ഭൗതിക ശരീരം എരിഞ്ഞടങ്ങിയപ്പോൾ ശേഷിക്കുന്നത് ഒരു കാലഘട്ടത്തിന്റെ പോരാട്ടത്തിന്റെയും സമര വീര്യത്തിന്റെയും വിപ്ലവത്തിന്റെ ഓർമ്മക്കുറിപ്പുകൾ.

ഇന്നലെ രാത്രി ഒമ്പത് മണിയോടെയായിരുന്നു സംസ്കാരം.  ആലപ്പുഴ ബീച്ചിലെ റിക്രിയേഷൻ ഗ്രൗണ്ടിൽ നിന്ന് വലിയ ചുടുകാട്ടിലേക്ക് ഭൗതികദേഹവുമായി നീങ്ങിയ വിലാപയാത്രയിൽ കനത്ത മഴ വകവയ്ക്കാതെ ആയിരങ്ങളാണ് അണിനിരന്നത്.

വലിയ ചുടുകാട്ടിലെ പന്തലിൽ VS അച്യുതാനന്ദന്റെ മകൻ V അരുൺകുമാർ ചിതയ്ക്ക് തീ കൊളുത്തി.

തൊഴിലാളികളും സാധാരണക്കാരും  ജനപ്രതിനിധികളും, രാഷ്ട്രീയ - സാമൂഹ്യ-കലാ-സാംസ്കാരിക മേഖലകളിലെ പ്രമുഖരും ഉൾപ്പെടെ വൻ ജനാവലി സംസ്കാരചടങ്ങിന് സാക്ഷികളായി.

✪✪✪

ആധുനിക കേരള സൃഷ്ടിയിൽ വലിയ പങ്കുവഹിച്ച  മഹാരഥന്മാരിൽ ഒരാളാണ് VS അച്യുതാനന്ദനെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പുന്നപ്ര വലിയ ചുടുകാട്ടിൽ അച്യുതാനന്ദന്റെ സംസ്കാര ചടങ്ങുകളിൽ പങ്കെടുത്ത ശേഷം  ചേർന്ന സർവകക്ഷി അനുശോചന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

തൊഴിലാളി കർഷക പ്രസ്ഥാനങ്ങൾ ശക്തിപ്പെടുത്തുന്നതിൽ ഏറ്റവും വലിയ പങ്കുവഹിച്ച ജനകീയ നേതാവാണ് VS എന്നും സ്വാതന്ത്ര്യ സമര പോരാട്ടത്തോട് ഇഴ ചേർന്നായിരുന്നു VSന്റെ ജീവിതത്തിന്റെ തുടക്കമെന്നും മുഖ്യമന്ത്രി അനുസ്മരിച്ചു.

ജാതി,മത,വർഗീയശക്തികളുടെ ഇടപെടലുകൾക്കെതിരെ ശക്തമായ പോരാട്ടമായിരുന്നു അദ്ദേഹത്തിന്റേത്. പ്രതിപക്ഷ നേതാവെന്ന നിലയിലും മുഖ്യമന്ത്രി എന്ന നിലയിലും കേരളത്തിന്റെ വികസന കാര്യങ്ങളിൽ അദ്ദേഹം വലിയ പങ്കു വഹിച്ചു. പാർട്ടിയെ വളർത്താനും ശക്തിപ്പെടുത്താനും കരുത്ത് പകർന്ന അദ്ദേഹം  പ്രതിസന്ധികളിൽ പതറാതെ പാർട്ടിയെ മുന്നോട്ടു നയിച്ചെന്നും പിണറായി പറഞ്ഞു.

CPIM ജനറൽ സെക്രട്ടറി MA ബേബി, സ്പീക്കർ  AN ഷംസീർ, മന്ത്രിമാരായ സജി ചെറിയാൻ, P പ്രസാദ്, K രാജൻ, ഡോ. R ബിന്ദു, KN ബാലഗോപാൽ, P

രാജീവ്, PA മുഹമ്മദ് റിയാസ് തുടങ്ങിയവരും CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം ഉൾപ്പെടെ  പ്രമുഖ നേതാക്കളും പങ്കെടുത്തു.

✪✪✪

കൂടുതൽ ദക്ഷിണേന്ത്യൻ ഭാഷകൾ ഉൾപ്പെടുത്തി ദൂരദർശൻ ഫ്രീ ഡിഷ് വിപുലീകരിച്ചതായി കേന്ദ്രസഹമന്ത്രി ഡോ. L. മുരുകൻ ലോക്സഭയിൽ പറഞ്ഞു. പ്രാദേശിക പ്രാതിനിധ്യം ഉറപ്പാക്കാൻ ദക്ഷിണേന്ത്യൻ ഭാഷാ ചാനലുകൾക്ക് ഇ-ലേലത്തിൽ പ്രത്യേക സ്ലോട്ട് അനുവദിച്ചതായും അദ്ദേഹം അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27 ന് രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും.

പരിപാടിയുടെ 124 -ാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും ടോൾ ഫ്രീ നമ്പറിലും മറ്റന്നാൾ വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാവുന്നതാണ്.

✪✪✪

പിതൃസ്മരണയിൽ ഇന്ന് കർക്കിടകവാവ്. പിതൃമോക്ഷത്തിന് ഉദകം പകർന്ന് ആയിരങ്ങൾ ബലിക്കടവുകളിലും തീർത്ഥഘട്ടങ്ങളിലും ബലിതർപ്പണ ചടങ്ങുകൾ ആരംഭിച്ചു. ഇന്നലെ അർധരാത്രിയോടെ തന്നെ പ്രമുഖ തീർത്ഥഘട്ടങ്ങളിലെല്ലാം ആളുകൾ എത്തി തുടങ്ങിയിരുന്നു. ആലുവ മണപ്പുറം, അരുവിക്കര, വർക്കല, തിരുവല്ലം, ശംഖുമുഖം, തിരുമുല്ലവാരം, ചേലാമറ്റം, പമ്പ ത്രിവേണി, തിരുന്നാവായ, തിരുനെല്ലി, കോഴിക്കോട് വരയ്ക്കൽ, ഗോതീശ്വരം, ബേപ്പൂർ വാക്കടവ്, കാസർകോട് തൃക്കണ്ണാട് ത്രയംബകേശ്വര ക്ഷേത്രം തുടങ്ങിയ കേന്ദ്രങ്ങളിൽ ബലിതർപ്പണത്തിന് നൂറുകണക്കിന് ആളുകളെത്തി ക്കഴിഞ്ഞു.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്..........

ആലുവ ശിവരാത്രി മണപ്പുറത്ത് പുലർച്ചയോടെ ബലിതർപ്പണം ആരംഭിച്ചു. അറുപതോളം ബലിപ്പുരകളാണ് മണപ്പുറത്ത് തയ്യാറാക്കിയിരിക്കുന്നത്. പ്രത്യേക സുരക്ഷാ സംവിധാനവും ഒരുക്കിയിട്ടുണ്ട്.

തിരുന്നാവായ നാവാമുകുന്ദ ക്ഷേത്രത്തിലും പുലർച്ചെ തന്നെ പിതൃതർപ്പണ കർമങ്ങൾക്ക് തുടക്കമായി. ഇന്നലെ വൈകിട്ടുതന്നെ ക്ഷേത്രപരിസരത്ത് വിശ്വാസികളുടെ തിരക്കായിരുന്നു.

കോഴിക്കോട് വരയ്ക്കൽ കടപ്പുറത്ത് ഒരേ സമയം 500 പേർക്ക് ബലിതർപ്പണത്തിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പുലർച്ചെ തന്നെ നൂറ് കണക്കിന് ആളുകൾ കടപ്പുറത്തെത്തി. കണ്ണൂർ പയ്യാമ്പലം തയ്യിൽ കടപ്പുറത്തും മുഴപ്പിലങ്ങാടും ബലിതർപ്പണത്തിന് സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. തളാപ്പ് സുന്ദര ക്ഷേത്രത്തിൽ പുലർച്ചെ ബലിക്കുറി ആരംഭിച്ചു. തളിപ്പറമ്പ് തൃച്ചംബരം ക്ഷേത്രത്തിലെ പിണ്ഡക്കുളത്തിലും ബലിതർപ്പണ ചടങ്ങുകൾ തുടങ്ങി. പത്തനംതിട്ട ജില്ലയിലും ക്ഷേത്രങ്ങളിലും സ്നാനഘട്ടങ്ങളിലും ബലിതർപ്പണചടങ്ങുകൾ ആരംഭിച്ചു. പ്രധാന നദികളായ പമ്പ, അച്ചൻകോവിൽ, മണിമല ആറുകളിൽ ശക്തമായ നീരൊഴുക്കിന്റെ സാഹചര്യത്തിൽ ജാഗ്രത നിർദേശം നൽകിയിട്ടുണ്ട്.

ബലി തർപ്പണത്തോട് അനുബന്ധിച്ച് സംസ്ഥാനത്ത് പലയിടങ്ങളിലും KSRTC പ്രത്യേക സർവീസ് നടത്തുന്നുണ്ട്. വാവുബലിയോടനുബന്ധിച്ച് ഇന്നലെ രാത്രി മുതൽ തിരുവനന്തപുരം നഗരത്തിൽ ഗതാഗതനിയന്ത്രണം ഏർപ്പെടുത്തി. രാത്രി 10ന് ആരംഭിച്ച നിയന്ത്രണം ഉച്ച വരെ തുടരും.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് പത്തനംതിട്ട,ആലപ്പുഴ, കോട്ടയം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിന് സാധ്യത കണക്കിലെടുത്ത് കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച്ച വരെ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

കേരള തീരത്ത് കഴിഞ്ഞ മെയ്, ജൂൺ മാസങ്ങളിലെ കപ്പൽ അപകടങ്ങളിൽ ദുരിതം നേരിട്ട ഒരു ലക്ഷത്തിലേറെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 1000 രൂപ വീതവും ആറ് കിലോ അരിയും സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്നും നൽകിയതായി കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ പറഞ്ഞു. CMFRI യുടെ പഠനത്തിൽ ഈ മേഖലയിലെ മത്സ്യ സാമ്പിളുകൾ സുരക്ഷിതമാണെന്ന് കണ്ടെത്തിയതായും KC വേണുഗോപാൽ MPയുടെ ചോദ്യത്തിന് സഹമന്ത്രി ലോക്സഭയിൽ മറുപടി നൽകി.

✪✪✪

മഴ ശക്തമായി തുടരുന്ന സാഹചര്യത്തിൽ കാസർകോട്ട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അടിയന്തര യോഗം ചേർന്നു. വീരമലക്കുന്ന് ഇടിഞ്ഞതിനെത്തുടർന്ന് മണ്ണിടിച്ചിൽ ഭീഷണി നേരിടുന്ന മേഖലകളിൽ ജാഗ്രത പാലിക്കാൻ ജില്ലാ കലക്ടർ K ഇമ്പശേഖർ നിർദേശം നൽകി.

വിവരങ്ങളുമായി ആകാശവാണി പ്രതിനിധി P. ജഗന്നിവാസൻ.

(വോയ്സ്)

✪✪✪

ഇന്ത്യ-ഇംഗ്ലണ്ട് നാലാം ക്രിക്കറ്റ് ടെസ്റ്റിൽ രണ്ടാം ദിവസമായ ഇന്ന് ഇന്ത്യ നാലിന് 264 എന്നനിലയിൽ ബാറ്റിംഗ് പുനരാരംഭിക്കും. ഇന്ത്യൻ സമയം വൈകിട്ട് മൂന്നരയ്ക്കാണ് മത്സരം തുടങ്ങുന്നത്. ഇന്നലെ വെളിച്ചക്കുറവ് മൂലം കളി നേരത്തെ നിർത്തിയിരുന്നു. പരിക്കിനെ തുടർന്ന് ഋഷഭ് പന്തിന് പിന്മാറേണ്ടി വന്നു. ഷാർദ്ദുൽ ടാക്കൂറും രവീന്ദ്ര ജഡേജയുമാണ് ക്രീസിൽ.

✪✪✪

ഫിഡെ വനിതാ ലോകകപ്പ് ചെസ്സിൽ ഇന്ത്യയുടെ ദിവ്യാ ദേശ്മുഖ് ഫൈനലിൽ പ്രവേശിച്ചു. ചൈനീസ് താരം ടാൻ സോങ്ങിയെ തോൽപ്പിച്ചാണ് 19കാരിയായ ദിവ്യ ഫിഡെ ഫൈനലിൽ പ്രവേശിക്കുന്ന ആദ്യ ഇന്ത്യക്കാരിയായി മാറിയത്. രണ്ടാം സെമിയിലെ ജേതാവുമായി ദിവ്യ ഫൈനലിൽ ഏറ്റുമുട്ടും. കൊനേരും ഹംപിയും ചൈനയുടെ ലീ ടിംഗ്ജിയുമാണ് രണ്ടാം സെമിയിൽ മത്സരിക്കുന്നത്.

✪✪✪

ഡ്യൂറന്റ് കപ്പ് ഫുട്ബോൾ ആദ്യമത്സരത്തിൽ ഈസ്റ്റ് ബംഗാൾ ഏകപക്ഷീയമായ അഞ്ച് ഗോളുകൾക്ക് സൗത്ത് യുണൈറ്റഡ് ഫുട്ബോൾ ക്ലബിനെ പരാജയപ്പെടുത്തി. ഓഗസ്റ്റ് 23 വരെ തുടരുന്ന ടൂർണമെന്റിൽ ആകെ 43 മത്സരങ്ങളുണ്ട്.

✪✪✪

മുങ്ങിമരണ പ്രതിരോധ ദിനമായ നാളെ തിരുവനന്തപുരത്തെ 'ജീവനം -ജീവനോട് ജാഗ്രതയുടെ യുദ്ധം' ക്യാമ്പയിൻ മന്ത്രി V ശിവൻ കുട്ടി രാവിലെ ഉദ്ഘാടനം ചെയ്യും. പട്ടം ഗവൺമെന്റ് മോഡൽ ഗേൾസ് ഹയർസെക്കൻഡറി സ്കൂളിലാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

✪✪✪

*News Editor & Reader: അനിൽ ചന്ദ്രൻ*
*NRT:ഹബീബ് റഹ്മാൻ, രജ്ന കെ*
*DEO : സി കെ സുബോധ്*